കയർ സംഘങ്ങളുടെ ഉന്നമനത്തിനായി കയർ ഫെഡ് വഹിച്ച പങ്ക്

30 (1013) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ സഹകരണ മേഖലയിൽ 2010-ൽ തൊണ്ടു സംഭരണത്തിന് വിനിയോഗിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ; എത്രമാത്രം തൊണ്ട് സംഭരിച്ചു എന്നു പറയാമോ ; കയർ സംഘങ്ങൾക്കുവേണ്ട ചകിരി സംഭരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇതിനുവേണ്ടി അപെക്സ് ബോഡി എന്ന നിലയിൽ കയർഫെഡ് വഹിച്ച പങ്ക് വ്യക്തമാക്കുമോ ;

(ബി) കയർ സംഘങ്ങളിൽ വിൽപ്പന ചെയ്തിരുന്ന എല്ലാ കയറിനും പി.എം.ഐ. നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിലെ കയർ സംഘങ്ങൾക്ക് നാളിതുവരെ എത്രകോടി രൂപ സംസ്ഥാന സർക്കാർ ഗ്രാന്റ് നൽകിയിട്ടുണ്ട് ; സംഘങ്ങളുടെ ആസ്തികൾ സംബന്ധിച്ച് ഒരു റീവാല്യൂവേഷൻ നടത്തിയിട്ടുണ്ടോ ; ഇപ്പോൾ എത്ര കോടി രൂപയുടെ ആസ്തി ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കേരളത്തിലെ കയർ സഹകരണ മേഖലയിൽ എത്രപേർ തൊഴിൽ ചെയ്യുന്നുണ്ട് ; എത്രപേർക്ക് സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള 150 രൂപ വേതനം ലഭിക്കുന്നുണ്ട് ?

ഉത്തരം

(എ) 2009-10, 2010-11 വർഷങ്ങളിൽ തൊണ്ട് സംഭരണ പദ്ധതിക്കായി 36 തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾക്കായി 180 ലക്ഷം രൂപയും കയർഫെഡിന് 252 ലക്ഷം രൂപയും അനുവദിച്ചു. ഈ കൺസോർഷ്യങ്ങളിലൂടെയും കയർ ഫെഡിലൂടെയും 282.48 ലക്ഷം തൊണ്ട് സംഭരിച്ചിട്ടുണ്ട്. ഇതിൽ 208 ലക്ഷം തൊണ്ട് കയർഫെഡ് വഴിയും 74.48 ലക്ഷം തൊണ്ട് കൺസോർഷ്യം വഴിയുമാണ് സംഭരിച്ചിട്ടുള്ളത്. കൺസോർഷ്യങ്ങളിലെ തൊണ്ട് ഉപയോഗിച്ച് സംഘങ്ങൾക്കാവശ്യമായ ചകിരി ഉല്പാദിപ്പിക്കുന്നതിന് ഭാഗികമായേ കഴിഞ്ഞിട്ടുള്ളൂ. കയർഫെഡ് ഉയർന്ന വിലയുള്ള ചകിരി വാങ്ങി 10 രൂപ നിരക്കിൽ 04/10 മുതൽ 10/10 വരെ സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ബി) ഇല്ല. പ്രാഥമിക കയർ സഹകരണ സംഘങ്ങൾ കയർ ഫെഡിനും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിൽക്കുന്ന കയറിനങ്ങൾക്ക് മാത്രമേ പി.എം.ഐ.-ക്ക് അർഹതയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2006-07 മുതൽ 31-1-2011 വരെ സംസ്ഥാനത്തെ കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് 62.91 കോടി രൂപ ഗ്രാന്റായി നൽകിയിട്ടുണ്ട്. കൂടാതെ സംഘങ്ങളുടെ സർക്കാർ വായ്പയും പലിശയും (2255.19 ലക്ഷം രൂപ) ഓഹരിയാക്കി മാറ്റുകയും പിഴപ്പലിശ എഴുതിതള്ളുകയും ചെയ്തു. ഇതോടൊപ്പം സംഘങ്ങളുടെ എൻ.സി.ഡി.സി. (3367.79 ലക്ഷം) വായ്പ ഓഹരിയാക്കി മാറ്റുകയും പലിശയും പിഴപ്പലിശയും എഴുതിതള്ളുകയും ചെയ്തു സംഘങ്ങളുടെ ആസ്തികൾ സംബന്ധിച്ച് റീവാല്യൂവേഷൻ നടത്തിയിട്ടില്ല. സംഘങ്ങളുടെ ആസ്തികൾ നിലവിലുള്ള വിലയെ അടിസ്ഥാനപ്പെടുത്തി നിർണ്ണയിച്ചിട്ടില്ല.

(ഡി) കയർ സഹകരണ മേഖലയിലെ തൊഴിലാളികളുടെ കൃത്യമായ എണ്ണം ശേഖരിച്ചുവരുന്നു. പ്രവർത്തനക്ഷമമായ കയർ സഹകരണ സംഘങ്ങളെല്ലാം തന്നെ 150 രൂപ നിരക്കിൽ കൂലി നൽകിവരുന്നുണ്ട്.

കയർ മേഖലയിലെ സഹകരണ സംഘങ്ങളിലെ ത്രിഫ്റ്റ് ആനുകൂല്യം

51 (1014) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിലെ സഹകരണ സംഘങ്ങളിലെ ത്രിഫ്റ്റ് ആനുകൂല്യം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ഈയിനത്തിൽ ഇതുവരെ വിതരണം ചെയ്ത തുക എത്രയാണ് ;

(സി) കണ്ണൂർ ജില്ലയിൽ ഈയിനത്തിൽ എത്ര തുക വിതരണം ചെയ്തു എന്ന് അറിയിക്കുമോ ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളിൽ എത്ര തുക വീതമാണ് വിതരണം ചെയ്തതെന്ന കാര്യം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കയർ മേഖലയിലെ സഹകരണ സംഘങ്ങളിലെ ത്രിഫ്റ്റ് ആനുകൂല്യം വിതരണം ചെയ്യുന്നതിന് സത്വര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 31-3-2011-ൽ അവസാനിക്കുന്ന ഈ പദ്ധതിയിലൂടെ കേരളത്തിലെ അർഹമായ എല്ലാ സഹകരണ സംഘങ്ങൾക്കും ആനുകൂല്യം ലഭിക്കുന്നതിനായി പത്രപരസ്യങ്ങൾ നിരവധി തവണ നൽകിയിട്ടുണ്ട്. പ്രോജക്ട് ഓഫീസർ, ഫീൽഡ്തല ഇൻസ്പെക്ടർ എന്നീ തലങ്ങളിൽ അപേക്ഷകൾ സ്വീകരിക്കുന്നതിനായി ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ത്രിഫ്റ്റ് ഇനത്തിൽ നാളിതുവരെയായി 2,36,50,363 രൂപ അനുവദിച്ചു കഴിഞ്ഞു.

(സി) കണ്ണൂർ പ്രോജക്ടിന്റെ കീഴിൽ വരുന്ന സംഘങ്ങൾക്കായി ത്രിഫ്റ്റ് ഇനത്തിൽ 4,08,985 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly